# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 996 03.12.2014-ലെ മറുപടിക്ക്

## പട്ടികജാതി വിഭാഗങ്ങളുടെ മേൽ നടക്കുന്ന അനീതികൾ പരിശോധിക്കുന്നതിന് വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എ.പി.അനിൽ കുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ മേൽ നടക്കുന്ന അനീതികൾ പരിശോധിക്കുന്നതിന് വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) ഇല്ല |
| (ബി) പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) പട്ടികജാതി പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 പ്രകാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറുമായി ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റി ഒരു കലണ്ടർ വർഷത്തിൽ കുറഞ്ഞത് നാലു തവണ യോഗം ചേരുകയും പ്രസ്തുത നിയമ പ്രകാരമുള്ള ആശ്വാസ ധനസഹായ വിതരണം, ടി നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ എന്നിവ അവലോകനം ചെയ്തു വരുന്നു. കൂടാതെ മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| | | | ചെയർമാനായി, സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ജില്ലാ വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ നിർജ്ജീവമായതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദമാക്കുമോ? | (സി) | സമിതിയുടെ പ്രവർത്തനങ്ങൾ സജീവമാണ്. |

സെക്ഷൻ ഓഫീസർ